LIBRARY ARCHIVES Kerala Legislative Assembly

പശ്ചിമ ബംഗാളിലെ ഗവൺമെന്റ് അധികാരികളുടെ സംസ്ഥാന സന്ദർശനം

106 [576] *ശ്രീ. എ. സുജനപാൽ:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:*

„ *ലൂഡി ലൂയിസ്:*

„ *ജി. കാർത്തികേയൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമ ബംഗാൾ ഗവൺമെന്റ് അധികാരികൾ സംസ്ഥാനത്തെ സാങ്കേതിക സഹകരണ വിദ്യാഭ്യാസ സ്ഥാപനത്തെപ്പറ്റി പഠിക്കുന്നതിനുവേണ്ടി സംസ്ഥാനം സന്ദർശിച്ചിട്ടുണ്ടോ;

(ബി) ആരെല്ലാമാണ് ഇതിനായി സംസ്ഥാനം സന്ദർശിച്ചത്; ഏതെല്ലാം സ്ഥാപനങ്ങൾ അവർ സന്ദർശിച്ചു;

(സി) പരിയാരം മെഡിക്കൽ കോളേജിനെപ്പറ്റി അവരും പശ്ചിമ ബംഗാൾ ഗവൺമെന്റും എന്തഭിപ്രായമാണ് പറഞ്ഞതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പശ്ചിമ ബംഗാൾ സഹകരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ഡി. കെ. ചക്രവർത്തി, സ്പെഷ്യൽ സെക്രട്ടറി ശ്രീ. ബസുദേവ് ഗുഹ മജുംദാർ എന്നിവരാണ് സന്ദർശിച്ചത്. കൊച്ചി, പരിയാരം സഹകരണ മെഡിക്കൽ കോളേജുകൾ അവർ സന്ദർശിക്കുകയുണ്ടായി.

(സി) പരിയാരം മെഡിക്കൽ കോളേജിന്റെ പ്രവർത്തനവും കഴിഞ്ഞ പത്തു വർഷങ്ങളിലെ വിപുലീകരണവും ഉദ്യോഗസ്ഥൻമാർ വിലയിരുത്തുകയും ശ്ലാഘനീയമായ പ്രവർത്തനമാണ് കാഴ്ചവച്ചിട്ടുള്ളതെന്നും അഭിപ്രായപ്പെടുകയുണ്ടായി. സഹകരണ മേഖലയിൽ രൂപംകൊണ്ട പ്രസ്തുത സ്ഥാപനം മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്നും അഭിപ്രായപ്പെട്ടു.

വിഴിഞ്ഞം തുറമുഖ വികസനം

107 [578] *ഡോ. എ. നീലലോഹിതദാസൻ നാടാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ വികസനത്തിന് വേണ്ടി മുഖ്യമന്ത്രി ചെയർമാനായി ഒരു കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

GPM. 2/573/2012—20

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനം സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാം;

(ഡി) ഇതു സംബന്ധിച്ച വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) — (ഡി) കമ്പനിയുടെ അദ്ധ്യക്ഷൻ മുഖ്യമന്ത്രിയും ഉപാദ്ധ്യക്ഷൻ തുറമുഖ വകുപ്പുമന്ത്രിയുമാണ്. ധനകാര്യ വകുപ്പുമന്ത്രി, ജലവിഭവ വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, മുൻ ചീഫ് സെക്രട്ടറിയും സർക്കാരിന്റെ ഉപദേഷ്ടാവുമായ ശ്രീ. ബാബു ജേക്കബ്, സഹകരണവും തുറമുഖവും വകുപ്പ് സെക്രട്ടറി എന്നിവരാണ് ഡയറക്ടർ ബോർഡംഗങ്ങൾ. കമ്പനിയുടെ മേൽനോട്ടവും മറ്റു ചുമതലകളും വഹിക്കുന്നതിനായി ഒരു ചീഫ് എക്സിക്യൂട്ടീവ് ആഫീസറെ നിയമിച്ചിട്ടുണ്ട്.

പദ്ധതിക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക, സ്വകാര്യ പങ്കാളികളുമായി ചേർന്ന് തുറമുഖ വികസനം നടപ്പിലാക്കുക, ലോജിസ്റ്റിക് സെന്റർ, ഫ്രീ ട്രേഡ് സോൺ, വെയർഹൗസിംഗ് സോൺ എന്നിവ സ്ഥാപിക്കുക തുടങ്ങിയവയാണ് കമ്പനിയുടെ പ്രധാന ചുമതല. അതിലേക്കായി ബന്ധപ്പെട്ട വകുപ്പുകളുമായും ഏജൻസികളുമായും ചർച്ചകൾ നടത്തിവരുന്നു.

വിഴിഞ്ഞം തുറമുഖ പദ്ധതി ഏറ്റെടുത്തു നടത്തുന്നതിനായി ദർഘാസുകൾ വാങ്ങിയിട്ടുള്ള കമ്പനികൾക്ക് ആവശ്യമായ വിവരങ്ങളും വിശദീകരണങ്ങളും നൽകുക, തുറമുഖ വകുപ്പ്, പദ്ധതിയുടെ ഉപദേശകരായ ഐ. എൽ. ആന്റ് എഫ്. എസ്. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കൺസൾട്ടന്റ്സ്, പൊലൂഷൻ കൺട്രോൾ ബോർഡ്, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്നിവരുമായി നിരന്തരം ചർച്ചകൾ നടത്തി പദ്ധതിക്കാവശ്യമായ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

പുതിയാപ്പയിൽ ബോട്ടപകടമുണ്ടാകുന്നത് തടയാൻ നടപടി

108 [579] *ശ്രീ. എ. സി. ഷണ്മുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ പുതിയാപ്പയിൽ കഴിഞ്ഞ നാലു വർഷക്കാലമായി മണൽ തട്ടി എത്ര ബോട്ടുകൾക്ക് കേടു വന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly